**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1264** **01-02-2024 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ തീരദേശ ഹൈവേകളുടെ നിർമ്മാണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം തീരദേശ ഹൈവേകളുടെ നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ബഹു. മുഖ്യമന്ത്രിയുടെ മുൻഗണനാ പദ്ധതികളിൽ ഉൾപ്പെടുത്തി തീരദേശഹൈവേ പദ്ധതിയുടെ പുരോഗതി നിശ്ചിത ഇടവേളകളിൽ വിലയിരുത്തുന്നുണ്ട്. ഇതിന് പുറമെ, മന്ത്രിതലത്തിലും പ്രവർത്തി പുരോഗതി വിലയിരുത്തുന്നു.പദ്ധതിയുടെ 400 കി.മീ ഭാഗത്ത് സ്ഥലം ഏറ്റെടുക്കലിനായി 2082 കോടി രൂപയുടെ സാമ്പത്തിക അനുമതി കിഫ്ബിയിൽ നിന്നും നൽകിയതാണ്. തുടർന്ന് സ്ഥലം ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കുവാനുള്ള റവന്യൂ ഉത്തരവ്, കല്ലിടുവാനുള്ള 6(1) നോട്ടിഫിക്കേഷൻ എന്നിവ പ്രസിദ്ധീകരിക്കുകയും 346 കി.മീ ഭാഗത്ത് കല്ലിടൽ പൂർത്തിയാക്കുകയും, 202 കി.മീ ഭാഗത്ത് 4(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുകയും ചെയ്തു. ഇതിൽ 16.90 കി.മീ ഭാഗത്ത് സാമൂഹിക ആഘാത പഠനം പൂർത്തിയാക്കി 11(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചു. 1.87 കി.മീ ഭാഗത്ത് നഷ്ടപരിഹാര തുക വിതരണം ചെയ്ത് സ്ഥലം ഏറ്റെടുത്തു. ഇതിന് പുറമെ 11.10 കി.മീ ഭാഗത്തെ തീരദേശഹൈവേ റോഡ് നിർമാണവും ഈ സർക്കാർ കാലയളവിൽ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | സ്ഥലം ഏറ്റെടുക്കുന്നതിൽ നിലവിലുണ്ടായിരുന്ന തടസ്സങ്ങൾ നീക്കുന്നതിനും സ്ഥലമെടുപ്പ് സുതാര്യമാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | പദ്ധതിക്കുള്ള സ്ഥലം ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നത് 2013 ലെ RFCTLARR ആക്ട് അടിസ്ഥാനമാക്കിയാണ്. ഇതിന് പുറമെ തീരദേശ മേഖലയുടെ സവിശേഷതകൾ കണക്കിലെടുത്ത് തീരദേശ ഹൈവേയുടെ സ്ഥലം ഏറ്റെടുക്കലിനുള്ള പ്രത്യേക പുനരധിവാസ പാക്കേജ് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. നിലവിൽ ഈ പാക്കേജിനെ കുറിച്ച് പദ്ധതി പ്രദേശത്തെ ജനങ്ങളെ ബോധവത്കരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | തീരദേശ ഹൈവേ പദ്ധതിയുടെ റീഹാബിലിറ്റേഷൻ പ്രവൃത്തികൾക്കുള്ള എസ്.പി.വി ആയി നിയോഗിച്ചിട്ടുള്ള കേരള സംസ്ഥാന തീരദേശ വികസന കോർപറേഷൻ (KSCADC) അതിർത്തി കല്ലുകൾ സ്ഥാപിച്ച റീച്ചുകളിൽ വീട് വീടാന്തരം സർവ്വേ നടത്തി, പദ്ധതിയെ കുറിച്ച് ജനങ്ങളോട് വിശദീകരിക്കുകയും പദ്ധതിയെ കുറിച്ചുള്ള ആശങ്കകൾ ദൂരീകരിക്കുകയും ചെയുന്നുണ്ട്. അതിർത്തി കല്ലുകൾ സ്ഥാപിച്ച് റവന്യൂ വകുപ്പ് 4(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച ഇടങ്ങളിൽ സാമൂഹിക ആഘാത പഠനത്തിന്റെ ഭാഗമായി പബ്ലിക് ഹിയറിങ് നടത്തുന്നുണ്ട്. |
| (സി) | ഇതിനകം ഏറ്റെടുക്കാൻ കഴിഞ്ഞ ഭൂമിയുടെ വിവരം വ്യക്തമാക്കുമോ; | (സി) | തൃശ്ശൂർ, കോഴിക്കോട് ജില്ലകളിലെ രണ്ട് പാലം പ്രവൃത്തികൾക്കായി 1.44 ഹെക്ടർ ഭൂമി നഷ്ടപരിഹാര തുക വിതരണം ചെയ്ത് ഏറ്റെടുത്തിട്ടുണ്ട്. |
| (ഡി) | ടൂറിസം സാധ്യതകൾ കൂടി കണക്കിലെടുത്ത് തീരദേശ ഹൈവേകളുമായി ബന്ധപ്പെടുത്തി എന്തെല്ലാം പ്രവൃത്തികളാണ് ആസൂത്രണം ചെയ്തുവരുന്നതെന്ന് വിശദമാക്കുമോ; | (ഡി) | വിനോദ സഞ്ചാരികളെ ലക്ഷ്യം വച്ച് സൈക്കിൾ ട്രാക്ക് കൂടി ഉൾപ്പെടുത്തിയാണ് തീരദേശ ഹൈവേ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഇതിന് പുറമെ ടൂറിസം സാദ്ധ്യതകൾ പരിഗണിച്ച് ബീച്ച് സൈഡ് അമിനിറ്റികൾ, പ്രോമിനെയ്ഡുകൾ, എന്നിവ കൂടി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. |
| (ഇ) | സംസ്ഥാന-ദേശീയ പാതകളിലേക്ക് തീരദേശ ഹൈവേകളെ ബന്ധിപ്പിക്കുന്നതിന് അനുബന്ധ റോഡുകൾ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഇ) | നിലവിൽ തീരദേശ ഹൈവേയുടെ 65.3 കി മീ ഭാഗം ദേശീയ പാത 66 ന്റെ അലൈൻമെന്റ് തന്നെയാണ് ഉപയോഗിക്കുന്നത്. ഇവിടങ്ങളിൽ പുതിയതായി നിർമിക്കുന്ന തീരദേശ ഹൈവേ റോഡും ദേശീയ പാത 66 ഉം തമ്മിൽ ബന്ധിപ്പിക്കുന്നുണ്ട്. ചില ഇടങ്ങളിൽ നിലവിലെ സംസ്ഥാന പാതയെ തീരദേശ ഹൈവേയായി നവീകരിക്കുകയും ചെയ്യുന്നുണ്ട്. അല്ലാതെ തീരദേശ ഹൈവേ റോഡുകളെ സംസ്ഥാന,ദേശീയ പാതകളുമായി ബന്ധിപ്പിക്കുന്ന പാതകൾ വികസിപ്പിക്കുന്ന പദ്ധതി പ്രത്യേകമായി പരിശോധിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ